"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ജീവനക്കാര്യം- കണ്ണൂർ ഡിവിഷനിലെ കൂത്തുപറമ്പ് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.ബിജു.കെ യുടെ തുടർ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി(എഫ് )വകുപ്പ്

സ.ഉ.(സാധാ) നം.476/2026/TAXES തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:-

1. 24/09/2022-ലെ 82/2022/ധന നമ്പർ പരിപത്രം.
2. 22/11/2024-ലെ സ.ഉ(അ)നം.100/2024/ധന
3. ശ്രീ.ബിജു.കെയുടെ 13.06.2024 ലെ അപേക്ഷ.
4. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 01.03.2025 ലെ DMOH-KNR/816/2025-C4നമ്പർ കത്ത്.
5. എക്സൈസ് കമ്മീഷണറുടെ 21.04.2025 ലെ ഇ.എക്സ്.സി/1392/2020 -എക്സ്.ഇ6 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ഡിവിഷനിലെ കൂത്തുപറമ്പ് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ് ) ശ്രീ.ബിജു.കെ യുടെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയുടെ തുടർചികിത്സ 03.12.2023 മുതൽ 19.02.2024 വരെ കോഴിക്കോട് ബേബി മെമ്മോറിയൻ ആശുപത്രിയിൽ നടത്തിയതിന് ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായുള്ള അപേക്ഷ പരാമർശം(5) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേൽ 16645/-രൂപ അനുവദനീയമാണെന്ന് പരാമർശം (4)പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ഡിവിഷനിലെ കൂത്തുപറമ്പ് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.ബിജു.കെ യുടെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയുടെ

തുടർചികിത്സ **03.12.2023** മുതൽ **19.02.2024** വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ നടത്തിയതിന് ചെലവായ തുകയിൽ, കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്നറിയിച്ചിട്ടുള്ള തുകയായ **16,645/-**രൂപയുടെ **80%** ആയ **13,316/-** രൂപ (പതിമൂവായിരത്തി മുന്നൂറ്റി പതിനാറ് രൂപ മാത്രം) **"2039-00-001-99-01-04"- MRI** എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും, പരാമർശം(1) പരിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടും പ്രതിപൂരണം ചെയ്ത് നൽകുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

2.ശ്രീ.ബിജു.കെ,പ്രിവന്റീവ് ഓഫീസർ (ഗ്രേഡ് ) കൂത്തുപറമ്പ് എക്സൈസ് സർക്കിൾ ഓഫീസ്,കണ്ണൂർ ഡിവിഷൻ.(എക്സൈസ് കമ്മീഷണർ മുഖേന)

3.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ)
കേരളം,തിരുവനന്തപുരം.

4.ധനകാര്യ വകുപ്പ്(Loans-L4/50/2026-FIN dated 20.05.2026).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

6.കരുതൽ ഫയൽ/ഓഫീസ് കോപ്പി(F3/368/2025/TAXES).

ഉത്തരവിൻ പ്രകാരം

**Signed by Jagadish Babu M**
**Date: 08-06-2026 14:36:25**
സെക്ഷൻ ഓഫീസർ